# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3325** — **29-01-2014 ൽ മറുപടിയ്ക്ക്**

## ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി ആവശ്യത്തിനായി കർഷകരായ ഗുണഭോക്താക്കൾ നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് ലഭിക്കാത്തതിന്റെ ഫലമായി അവയുടെ പ്രവർത്തനം നിലച്ചിട്ടുള്ളതുമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന കൃഷിനാശം തടയുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) പാലക്കാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ വൈദ്യുതി കുടിശ്ശിക അടയ്ക്കാതെ മുടങ്ങിക്കിടന്നിരുന്നവ, നെൽകൃഷി വികസന ഏജൻസിയിലെ ഫണ്ടിൽ നിന്നും വൈദ്യുതി കുടിശ്ശിക നൽകി അവ പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്. |
| (സി) വൈദ്യുതി വകുപ്പുമായി ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) എങ്കിൽ ചർച്ചയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ